# ചൂട്ട്

## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ



**ജി ഒ എച്ച് എസ് എടത്തനാട്ടുകര**

## ജി ഒ എച്ച് എസ് എടത്തനാട്ടുകര

**ഫോൺ:04924 266371**



ഒരുപ്രദേശത്തിന്റെ ചരിത്രമാകെത്തന്നെ തീർത്തും തുടച്ചുകളയാനോ, ഭാഗികമായി ഇല്ലായ്മ ചെയ്യാനോ കാലത്തിനു മാത്രമേ കഴിയൂ... കാലം ഈ പ്രദേശത്തിന്റെ ചരിത്രം തന്നെ മാറ്റിമറിക്കുന്നതിന് എടത്തനാട്ടുകരയുടെ തിരുനെറ്റിയിൽ ചാർത്തിത്തന്ന ഒരു തിലക ക്കുറിയാണ് എടത്തനാട്ടുകര ഓറിയന്റൽ ഹയർസെക്കന്ററി സ്കൂൾ. ഒരു പ്രദേശത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ വളർച്ചയിൽ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമുണ്ട്.

1957-ൽ സ്ഥാപിതമായ
എടത്തനാട്ടുകര ഓറിയന്റൽ ഹയർസെക്കന്ററി സ്കൂൾ
പടിപടിയായി ഉയർന്ന് വന്ന് ഇന്ന് ഈ നിലയിലെത്തിച്ചേർന്നു.

**ക്യൂ ആർ കോഡ്**

# എഡിറ്റോറിയൽ ബോർഡ്

### ചീഫ് എഡിറ്റർ



മുഹിബുദ്ദീൻ

!

### സബ് എഡിറ്റേർസ്



ഹഫേഷ്,സിനാൻ,അദിത്ത്

അർച്ചന,വർഷ,ജിസ്നയ,ഫിദ

### ക്യാമറ



**അദിത്ത് .പി**

### പേജ് ഡിസൈനിംഗ്

ഹഫേഷ്,അദിത്ത്, മുഹിബുദ്ദീൻ

### സാങ്കേതിക സഹായം



**വിമൽ.സി .ജി**



കൈറ്റ് മാസ്റ്റർ

ജിജേഷ് എം (HST Nat.science)



കൈറ്റ് മിസ്ട്രസ്സ്

സുനിത.എ (HST Nat.science)



കൈറ്റ് ലീഡർ

ജിസ്നയ



അസിസ്റ്റന്റ് ലീഡർ

ഹഫേഷ് റയാൻ.പി.കെ

## ലിറ്റിൽ കൈറ്റ്സ് 2019-20 യൂണിറ്റ്



## സ്കൂൾ അസംബ്ലി





-

# ആമുഖം

പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകൾ ക്കപ്പുറംസാങ്കേതികവിദ്യ യോടുള്ള പുതുതലമുറയുടെ ആഭിമു ഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി രൂപപ്പെട്ട ഒരു പദ്ധതിയാണല്ലോ ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽകൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക് പരി ശീലന കാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തന ങ്ങളിലൂടെകടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്.സാ ങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാനനൈ പുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി,ഓരോ കുട്ടി ക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്ന തിനുള്ള അവസരമൊരുക്കുന്ന തിനും മെച്ചപ്പെട്ട കുട്ടികൾക്ക് അതത് മേഖലകളിൽ മികച്ചപരിശീലനം ലഭിക്കുന്നതിനും വേണ്ടിയാണ് ലിറ്റിൽകൈറ്റ്സ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് .

# ആശംസ



അബ്ദുന്നാസർ.എൻ (ഹെഡ്മാസ്റ്റർ)

വിദ്യാലയത്തിലെ ഐ.ടി കൂട്ടായ്മയായ
ലിറ്റിൽകൈറ്റ്സിലെ കുട്ടികളുടെ ഭാവനാ സൃഷ്ടികൾ
വിസ്മൃതിയും വിദൂരതയിലും അകപ്പെടാതെ
പേനത്തുമ്പിലൂടെ അനർഗളമായി ഒഴുകിച്ചേരുന്ന
സുന്ദരമായ രചനകൾക്ക്
എല്ലാവിധ ആശംസകളും നേരുന്നു

## ആശംസ



പൊതുവിദ്യാലയങ്ങളെ നവീകരിക്കുക  എന്ന
ലക്ഷ്യത്തോടെ കേരള സർക്കാർ നവകേരള പദ്ധതിയിൽ
ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കർമ്മ പരിപാടിയാണ്
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം.അതിനോടനുബന്ധിച്ച്
55 ക്ലാസ് മുറികൾ ഹൈ-ടെക് ആക്കുകയും
അവയുടെ സംരക്ഷണത്തിനായി കുട്ടികളുടെ ഐടി കൂട്ടായ്മയായ
ലിറ്റിൽകൈറ്റ്സ് രൂപീകരിക്കുകയും ചെയ്തു.
ലിറ്റിൽകൈറ്റ്സ് തയ്യാറാക്കുന്ന ചൂട്ട് എന്ന ഡിജിറ്റൽ
മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീ.വിനോദ്.വി.ടി
(പ്രിൻസിപ്പൽ)

# ആശംസ



ഇക്ബാൽ.എം.കെ[മുൻ കൈറ്റ് മാസ്റ്റർ ]

ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ ഭാഗമായി
പുറത്തിറക്കുന്ന"ചൂട്ട്"ഡിജിറ്റൽമാഗസിന്
എല്ലാവിധ ആശംസകളും അറിയിക്കുന്നു.
വിവരസാങ്കേതിക രംഗത്തെ കൂടുതൽ അറിവുകൾ
കുട്ടികൾക്കും പൊതുസമൂഹത്തിനും ഗുണകരമാകാൻ
ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയട്ടെ
എന്ന് ആശംസിക്കുന്നു.

## ആശംസ



ശ്രീ മുഹമ്മദ്  **ഹനീഫ.ടി.കെ**

**( സ്റ്റാഫ് സെക്രട്ടറി)**

കേരള സർക്കാറിന്റെ ഹൈ-ടെക് പദ്ധതിയുടെ
ഭാഗമായി ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന
**ചൂട്ട്** എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ
ഭാവുകങ്ങളും നേരുന്നു.

# ആശംസ



ഒ.ഫിറോസ്
(പി.ടി.എ പ്രസിഡന്റ്)

60-കൾ പിന്നിട്ട ഈ സ്കൂളിന്റെ ഇന്നലെകളിൽ ഈ നാട്ടിലെ
സുമനസ്സുകൾ വിഭവങ്ങൾ നൽകി ഉയർത്തിയെങ്കിൽ അവരുടെ
പിന്മുറക്കാർ കാലഘട്ടത്തിന്റെ അനിവാര്യതക്ക് അനുസരിച്ച്
ഈ സ്ഥാപനത്തെ മാറ്റി എടുക്കാൻ കൈ മെയ് മറന്ന് സഹായിച്ചിരുന്നു.
കേരള സർക്കാറിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി
സ്കൂളിലെ എല്ലാക്ലാസ്റൂമുകളും ഹൈ-ടെക് ആയി മാറുകയും
അതോടൊപ്പം തന്നെ കുട്ടികളുടെ ഐ-ടി ക്ലബ്ബായ
ലിറ്റിൽകൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിന് എല്ലാവിധ
ഭാവുകങ്ങളും നേരുന്നു.



# ആശംസ



മുഹിബ്ബുദ്ദീൻ.വി

( ചീഫ് എഡിറ്റർ-9 J)

കാലത്തിനു മായ്ക്കാൻ കഴിയാത്ത

കരവിരുതിന്റെ കൈയൊപ്പ് ചാർത്തുന്ന സൃഷ്ടികൾ

ഹൃദയത്തിനു കുളിർമയേകട്ടെ...

വരകൾക്കും വർണ്ണനകൾക്കുമപ്പുറം

ചിന്തയുടെ, ആർദ്രതയുടെ,

സ്വാന്തനത്തിന്റെ സ്നേഹസ്പർശനങ്ങൾ പോലെ..

കഴിവുകളെ അവഗണിക്കാതെ തന്നെ

അവ കുളിർ നിലാവായി പരന്നൊഴുകട്ടെ.!

വരികൾക്കിടയിലൂടെയുള്ള വായന

അനുഭവങ്ങൾക്ക് അർഥ ശങ്കയ്ക്കിടയില്ലാത്ത വിധം

ചൂട്ട്  കത്തി പടരട്ടെ....

# പരിമിതികൾ മറികടക്കുന്നതിന് വ്യക്തിഗത പിന്തുണ [CWSN – പിന്തുണ]

തിങ്കൾ ചൊവ്വ ദിവസങ്ങളിൽ റിസോഴ്സ് അധ്യാപികയുടെ സേവനം ലഭിച്ചു വരുന്നു.

ബുധനാഴ്ചകളിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന റിൻഷാന എന്ന കുട്ടിക്ക് വീട്ടിൽ ചെന്ന് പഠന പിന്തുണ നൽകി വരുന്നു.

സമഗ്രശിക്ഷ കേരള വഴി കുട്ടികൾക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നു.

തെറാപ്പി ആവശ്യമുള്ള കുട്ടികൾക്ക് കുമരംപുത്തൂരിൽ പ്രവർത്തിച്ചു വരുന്ന ഫിസിയോ തെറാപ്പി സെന്ററിൽ നിന്നും തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

സമഗ്രശിക്ഷ കേരള വഴി ലഭിക്കുന്ന എസ്കോർട്ട്, ട്രാവൽ, റീഡേഴ്സ് അലവൻസുകളും, ഗേൾസ് സ്റ്റൈപ്പന്റും ലഭ്യമാക്കുന്നു.

ഉൾച്ചേരൽ വിദ്യാഭ്യാസ വികസന പദ്ധതികൾ തയ്യാറാക്കി വിദ്യാലയത്തിന്റെ തനത് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി വരുന്നു.

**2019** ഏപ്രിൽ **6** ന് ഭിന്നശേഷിയുള്ള കുട്ടികൾക്കായി തിരുവനന്തപുരത്തേക്ക് പഠന യാത്ര - വിമാന യാത്ര നടത്തി.

**2019** ഒക്ടോബർ **2** ന് ഭിന്നശേഷിക്കാർക്കായി നാട്ടറിവ് യാത്ര (മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ ,ബാപ്പുജി പാർക്ക്, കരിമ്പുഴ നെയ്ത്ത് ഗ്രാമം) നടത്തി.

**2014** ൽ സബ് ജില്ലാതലത്തിൽ നടത്തിയ സ്നേഹ സംഗമം, **2016** ലെ ജില്ലാതല സ്നേഹസംഗമം എന്നിവ വിദ്യാലയത്തിന്റെ ശ്രദ്ധേയമായ തനത് പ്രവർത്തനങ്ങളാണ്.

**SSLC, Plus Two, NMMS, Rajya Puraskar** പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ സ്കൂളിലെ പ്രതിഭകളെ അനുമോദിച്ചു കൊണ്ട് അധ്യയന വർഷം ആരംഭിച്ചു

# മെച്ചപ്പെട്ട പഠന ബോധന രീതികളും തന്ത്രങ്ങളും  നടപ്പാക്കി

**പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഔഷധോദ്യാന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.**

**സുരീലി ഹിന്ദി**

രാഷ്ട്ര ഭാഷാ പഠനം സുഗമമാക്കുന്നതിന് വേണ്ടി **UP, HS** ക്ലാസുകളിൽ പ്രത്യേക കോച്ചിങ് നടത്തി വരുന്നു. പഠന പ്രവർത്തനങ്ങൾ, സംഭാഷണം,
നാടകം തുടങ്ങിയ സാഹിത്യ രൂപങ്ങൾ കുട്ടികൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.

**ഹലോ ഇംഗ്ലീഷ്**

**UP ക്ലാസുകളിൽ നടപ്പിലാക്കി വരുന്നു. HS ക്ലാസുകളിൽ ഇംഗ്ലീഷ് ദിനപത്രം വിതരണം ചെയ്ത് ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വാർത്താവലോകനവും നടത്തുന്നു.**

**ഉല്ലാസ ഗണിതം**

ഗണിതപഠനം ആയാസരഹിതവും രസകരവുമാക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ഗണിത ക്ലിനിക്കിലൂടെ കുട്ടികളുടെ സംശയ നിവാരണം നടത്തിവരുന്നു.

**ജൈവ വൈവിധ്യ പാർക്ക്, ശലഭ പാർക്ക് .**

കുട്ടികൾക്ക് പ്രകൃതിയെയും ജീവജാലങ്ങളെയും അടുത്തറിഞ്ഞ് പരിചയപ്പെടുന്നതിന് വേണ്ടി നിർമ്മിച്ചു.

**സ്കൂൾ ഭരണഘടന നിർമിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.** സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സുശക്തമായ കുട്ടികളുടെ പാർലമെന്റും നടക്കുന്നുണ്ട്.

സ്കൂൾ റേഡിയോ ക്ലബ്

**എല്ലാ ദിവസവും രാവിലെ വാർത്താവതരണവും വെള്ളിയാഴ്ചകളിൽ വിവിധ കലാപരിപാടികളും നടത്തുന്നു.**

പ്രളയ ദുരിതാശ്വാസത്തിലേക്ക്

**JRC , Scout & Guides , NSS** ന്റെ നേതൃത്വത്തിൽ ധനസമാഹരണം, വിഭവ സമാഹരണം, ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

വിദ്യാലയം പ്രതിഭകളോടൊപ്പം

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ തനതു പരിപാടി നമ്മുടെ വിദ്യാലയം **11** പ്രതിഭകളെ ആദരിക്കുകയുണ്ടായി

സ്മാർട്ട് അമ്മ പദ്ധതി

അമ്മമാർക്ക് കംപ്യൂട്ടർ സാക്ഷരത നൽകുന്നതിലേക്കായ് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഏകദിന ശിൽപശാല നടത്തി.

"ശാസ്ത്ര കൗതുകം"

ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും പരീക്ഷണങ്ങൾ നടത്തി വരുന്നു.

മ്യൂസിക് ക്ലബ്ബ്

കുട്ടികളുടെ സംഗീതാഭിരുചി പരിപോഷിപ്പിക്കുന്നതിനായി ആരംഭിച്ചിട്ടുണ്ട്.

## ഫീൽഡ് ട്രിപ്പ്

പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തത്തേങ്ങലം എന്ന സ്ഥലത്തിലേക്ക് അധ്യാപകരും വിദ്യാർത്ഥികളും യാത്ര നടത്തി.

# അന്താരാഷ്ട്ര നിലവാരമുള്ള പഠനോപകരണങ്ങൾ

**45** ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി

**45** ക്ലാസ്സ്മുറികളിൽ ഹൈസ്പീഡ് ഇന്റർനെറ്റ്

**53** ക്ലാസ്സ് ലൈബ്രറി

**1790** പുസ്തകങ്ങളുള്ള റെഫറൻസ് ലൈബ്രറി

IT ലാബ് :

**17** കംപ്യൂട്ടറുകൾ വീതമുള്ള സുസജ്ജമായ രണ്ട് ലാബുകൾ പ്രവർത്തിച്ചുവരുന്നു.

സമഗ്ര പോർട്ടൽ :

സമഗ്ര പോർട്ടൽ പ്രകാരമുള്ള പഠാസൂത്രണ പ്രവർത്തനങ്ങൾ നടന്നു വരുന്നു .

# കായിക മികവ്

- **റിലയൻസ് കപ്പിൽ സംസ്ഥാന തല വിജയികളും**

**ദേശീയതലത്തിൽ റണ്ണർഅപ്പും.**

- ഡൽഹിയിൽ വച്ച് നടന്ന സുബ്രതോ മുഖർജി ഇൻററർനാഷണൽ ക്ലബ് ഫുട്ബോളിൽ ചാമ്പ്യന്മാരായി.

- അണ്ടർ 17 വിഭാഗത്തിൽ പാലക്കാട് ജില്ലാ ചാമ്പ്യന്മാർ.

- ലൂക്കാ കപ്പ് ഫുട്ബോൾ ജൂനിയർ വിഭാഗം സ്റ്റേറ്റ് ചാമ്പ്യന്മാർ

- റിലയൻസ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ സിറ്റി ചാമ്പ്യന്മാരായി.

- ജൂനിയർ വിഭാഗത്തിൽ നിന്നും 2 പേർക്കും സീനിയർ വിഭാഗത്തിൽ  നിന്നും 2 പേർക്കും സംസ്ഥാന ഫുട്ബോൾ ടീമിലേക്ക് സെലക്ഷൻ കിട്ടി.










## <u>ഇതിനു പിന്നിൽ പ്രയത്നിച്ചവർ</u>



അബ്ദുൽ ലത്തീഫ്

(UPSA)



കാർത്തിക്

(കായികാധ്യാപകൻ)



അഹമ്മദ് സാബു

(UPSA)


ജി. ഒ. എച്ച്. എസ്. എസ് എടത്തനാട്ടുകര
SSLC FULL A+
SSLC 97.41% വിജയം
Full A+ 26, 9 A+ 20, 8 A+ 24
English Medium 100% pass
Full A+ 8, 9 A+ 5
ഹയർ സെക്കണ്ടറി 84.5%
Full A+ 12, 5 A+ 8
KRISHNA AR
NIKHITHA V
ANASWARA KRISHNA C
ATHULYA SREEDHAR P
FATHIMATH RINCY P
FOUMIYA SEREEN P
HANIKA P
NIDA N
RENA NASNEEN PP
SHAHANA K
SHIBINI SHANI V
ASWIN P
NITHIN DAS K
VISHNU C
VIVEK A
ADARSH CR
AKSHAY K
AJMAL SHANIB E
SIVAJA P
FARHANA SHERIN M
HUDA SHINAS VP
MINSHA M
NASLA K
RIYA SHAHANA V
AMAL KRISHNAN K
SOURAV B
PLUS TWO FULL A+
ANNADA.A
AFRA.P
ARSHA HIDAYATH.M
ASHIKA SHERIN .K
DHANIYA.V
MISHAL.S.HUSSAIN
MUHAMMED JAZEEL V
RAMEEZ.K
SAIFUDHEEN.C.T
SHAHANA THESRIN C
SISIRA.P
VARSHA.T.P
വിജയികൾക്ക് അഭിനന്ദനങ്ങൾ STAFF & PTA
എല്ലാ ക്ലാസ്സുകളിലേക്കും
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു


GOHSS എടത്തനാട്ടുകര
2018–19 ദേശീയ സ്കോളർഷിപ്പ് പരീക്ഷയിൽ (NMMS)
ഉജ്ജ്വല വിജയം 8 വിജയികൾ
സ്കോളർഷിപ്പ് തുക ഓരോ കുട്ടിയ്ക്കും പ്രതിവർഷം
12000 വീതം 4 വർഷത്തേയ്ക്ക് 48, 000 രൂപ
5 വർഷം കൊണ്ട് നമ്മുടെ സ്കൂളിൽ നിന്ന് 57 വിജയികൾ
ADHIL.C
MUHIBBUDHEEN.V
SANDRA.K
VANDHANA.M
FIDHA.C
ARCHANA.T
AMRITHA KRISHNAN.P
FIDA SHERIN.KT
ആശംസകളോടെ PTA & Staff


ഇക്കഴിഞ്ഞ USS പരീക്ഷയിൽ അലനല്ലൂർ പഞ്ചായത്തിൽ
ഏറ്റവും കൂടുതൽ സ്കോളർഷിപ്പുകൾ നേടിയ
എടത്തനാട്ടുകര ഗവ:ഹയർ സെക്കണ്ടറി സ്കൂളിന്റെ
പൊന്മണി മുത്തുകൾക്ക്
അനഘ ശിവദാസ്
രിദ.സി
ആദിൽ.ടികെ
ലുലു. എൻ
സ്നേഹ.കെ
അഭിനന്ദനങ്ങൾ
ആശംസകളോടെ PTA & STAFF


ജി.ഒ.എച്ച്.എസ്.എസ് എടത്തനാട്ടുകര
2019-20 സംസ്ഥാന കലോൽസവ വിജയികൾ


ജി.ഒ.എച്ച്.എസ്.എസ് എടത്തനാട്ടുകര
2019-20 സംസ്ഥാന ശാസ്ത്രോൽസവ വിജയികൾ


ജി.ഒ.എച്ച്.എസ്.എസ് എടത്തനാട്ടുകര
2019-20 കായിക നേട്ടങ്ങൾ


ജി.ഒ.എച്ച്.എസ്.എസ് എടത്തനാട്ടുകര
2019-20 ജില്ലാ കലോൽസവ വിജയികൾ
2019-20 സബ് ജില്ലാ ശാസ്ത്ര മേള വിജയികൾ

# സ്ക്കൂളിന്റെ അഭിമാനം



മുഹമ്മദ് റയാൻ.പി
6 B

*കെ. പി .എസ് .ട്ടി .എ സ്വദേശ് മെഗാ ക്വസ് 2019-20 സംസ്ഥാന തലം മൂന്നാം സ്ഥാനം
*ദേശാഭിമാനി അക്ഷരമുറ്റം ക്വസ് സംസ്ഥാന തലം രണ്ടാം സ് ഥനം
*പ്രതിഭക്വിസ് സബ് ജില്ലാ തലം മൂന്നാം സ്ഥാനം
*അക്ഷരമുറ്റം ക്വിസ് ജില്ല, സബ് ജില്ല ഒന്നാം സ്ഥാനം
*പ്രതിഭോത്സവം സബ് ജില്ല ഒന്നാം സ്ഥാനം,
*ശാസ്ത്രമേള സയൻസ് ക്വിസ് ഒന്നാം സ്ഥാനം.
*ജില്ല കലോത്സവം ഒന്നാം സ്ഥാനം

ഇവയെല്ലാം നേടിയ സ്ക്കൂളിന്റെ അഭിമാനമായ

**മുഹമ്മദ് റയാന് അഭിനന്ദനങ്ങൾ**



* ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ക്ക് ഹനീഫ സാറുടെ നേതൃത്വത്തിൽ സൈബർ സുരക്ഷയെക്കുറിച്ച് ക്ലാസെടുത്തു.


*ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ സ്കൂളിലെ എല്ലാ അദ്ധ്യാപകർക്കും സ്കൂൾ വിക്കി പരിചയപ്പെടുത്തുന്നു.





*സ്കൂളിലെ ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഐ.ടി പ്രാക്ടിക്കൽ ക്ലാസ് നടത്തുന്നു.

*ഓണത്തോട് അനുബന്ധിച്ച് നടത്തിയ ഡിജിറ്റൽ പൂക്കള മത്സരത്തിൽ നിന്ന്







*ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്ക് സാബു സാർ സൈബർ സുരക്ഷയെക്കുറിച്ച് ക്ലാസെടുത്തു.



## നാടിന്റെ പതിനൊന്ന് പ്രതിഭകളെ ആദരിച്ച്
## എടത്തനാട്ടുകര ജി.ഒ.എച്ച്.എസ്

എടത്തനാട്ടുകര: പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അറിവിന്റെ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ കേരള വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ 'വിദ്യാലയം പ്രതിഭകളിലേക്ക്' പദ്ധതിയുടെ ഭാഗമായി എടത്തനാട്ടുകര ഗവ. ഓറിയന്റൽ ഹൈസ്കൂളിനുകീഴിൽ നാടിന്റെ പ്രതിഭകളെ ആദരിക്കുന്ന പദ്ധതിക്ക് തുടക്കമായി. കാർഷിക ഉപകരണങ്ങളുടെ കണ്ടുപിടുത്തത്തിന് രാഷ്ട്രപതി പുരസ്കാരം നേടിയ പ്രതീഷ് ചളവ, ചിത്രകാരനായ നാരായണൻ കുട്ടി എടത്തനാട്ടുകര, ചിരട്ടകളിൽ കരകൗശല വസ്തുകൾ പണിത് ശ്രദ്ധേയനായ കുമഞ്ചേരി അബ്ദുൾ റഷീദ് , പെയിന്ററും എഴുത്തുകാരനും പീസ് റേഡിയോ അവതാരകനുമായ ഇബ്നു അലി എടത്തനാട്ടുകര,സാഹിത്യകാരൻ ശ്രീധരൻ ചളവ,ചിത്രകാരനായ ഡോ. രാജേഷ് മേനോൻ മൂച്ചിക്കൽ, സ്കൂൾ,യൂണിവേഴ്സിറ്റി സംസ്ഥാന മത്സരങ്ങളിൽ കലാ പ്രതിഭ പട്ടം നേടിയ പ്രണവ് എന്നിവരെ വീടുകളിലെത്തി ആദരിച്ചു. സ്കൂളിന്റെ മെമന്റോയും സമ്മാനിച്ചു. പി.ടി.എ പ്രസിഡന്റ് ഒ. ഫിറോസ് പദ്ധതി ഉൽഘാടനം ചെയ്തു. എസ്. ആർ. ജി കൺവീനർ വിനീത തടത്തിൽ
സ്റ്റാഫ് സെക്രട്ടറി ടി. കെ. മുഹമ്മദ് ഹനീഫ, അധ്യാപകരായ വി. മുഹമ്മദ്, കെ. സത്യദാസ്, സി. നഫീസ, പി. ദിലീപ് കുമാർ, എം. മുനീറ ബീഗം, സി. ബഷീർ, പി. അച്യുതൻ, സ്കൂൾ ലീഡർ സി. ദിയ എന്നിവർ പ്രസംഗിച്ചു.വിദ്യാർഥികളായ ലക്ഷ്മികൃഷ്ണ, ഒ. അഫ്നാൻ അൻവർ, ജോയൽ രഞ്ജിത്ത്,എൻ. അതുൽ, അനീന, കൃഷ്ണ, ശ്രേയ, പി. മുഹമ്മദ് റയാൻ എന്നിവർ നേതൃത്വം നൽകി ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളായ സി. അൻഷിഫ്, യദു കൃഷ്ണൻ എന്നിവർ ഫോട്ടോയും വീഡിയോകളും ക്യാമറയിൽ പകർത്തി



## അമ്മമാരെ ഹൈടെക് ആക്കി എടത്തനാട്ടുകര

* ജി.ഒ.എച്ച്.എസ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്



ജനകീയ കൂട്ടായ്മയിൽ ഹൈടെക്ക് ആക്കി മാറിയ എടത്തനാട്ടുകര കോട്ടപ്പള്ള ഗവ. ഓറിയന്റൽ ഹയർ സെക്കന്ററി സ്കൂളിലെ അമ്മമാരെ ഹൈടെക് ആക്കാൻ പദ്ധതികളുമായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്.പാഠ പുസ്തകങ്ങളിലെ ക്യൂ ആർ കോഡ്, സമഗ്ര പോർട്ടൽ, വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ, ഡിജിറ്റൽ ലേണിംഗ് റിസോഴ്സുകൾ ഉപയോഗിച്ചുള്ള  പഠന രീതികൾ എന്നിവയെക്കുറിച്ച് അമ്മമാരെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ ഇൻഡോർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'സ്മാർട്ട് അമ്മ' പരിശീലന പദ്ധതി മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്‌വൈസ് പ്രസിഡന്റ് റഫീഖ പാറോ ക്കോട്ട് ഉദ്ഘാടനം നിർവഹിച്ചു. വാർഡ്  ആംഗം വി.ഗിരിജ അധ്യക്ഷത വഹിച്ചു.  പ്രിൻസിപ്പൽ വി.ടി. വിനോദ്, പ്രധാനാധ്യപകൻ എൻ.അബ്ദുന്നാസർ, പി.ടി.എ പ്രസിഡന്റ് ഒ.ഫിറോസ്, എസ്.എം.സി ചെയർമാൻ സി. നാരായണൻ കുട്ടി, എം. പി. ടി. എ പ്രസിഡന്റ്  കെ. പി. ഷറീന, സ്റ്റാഫ് സെക്രട്ടറി  ടി. കെ. മുഹമ്മദ് ഹനീഫ,അധ്യാപകരായ വി. മുഹമ്മദ്, പി. ദിലീപ്,  വി.ജാനകി എന്നിവർ പ്രസംഗിച്ചു. മാസ്റ്റർ പരിശീലകൻ എം.കെ. ഇഖ്ബാൽ, ലിറ്റിൽ കൈറ്റ്സ് അധ്യാപകരായ എ. സുനിത, എം. ജിജേഷ് എന്നിവർ ക്ലാസ്സെടുത്തു.ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഒ. ഫിദ, സി. ആദിത്യ, പി.ജെ. അബന, പി. സയന, ആദിത്ത്.പി.ഗോപാൽ, വി. മുഹീബുദ്ധീൻ എന്നിവർ നേതൃത്വം നൽകി.











## എടത്തനാട്ടുകര ജി.ഒ.എച്ച്.എസ്.എസ്സ്

## നന്മ മരം  പ്രകൃതി പഠന ക്യാമ്പ്

വിദ്യാർഥികളിൽ പരിസ്ഥിതി സ്നേഹം ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ എടത്തനാട്ടുകര ഗവ. ഓറിയന്റൽ ഹയർ സെക്കന്ററി സ്കൂളിൽ സഹ്യാദ്രി  പരിസ്ഥിതി ക്ലബ്ബിനു കീഴിൽ സംഘടിപ്പിച്ച 'നന്മമരം' പ്രകൃതി പഠന ക്യാമ്പ് ശ്രദ്ധേയമായി.ക്യാമ്പ് പി.ടി.എ പ്രസിഡന്റ് ഒ. ഫിറോസ് ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപകൻ എൻ. അബ്ദുന്നാസർ അധ്യക്ഷത വഹിച്ചു. കേരളാ വനം വകുപ്പ് വന്യ ജീവി ഫോട്ടോഗ്രാഫി അവാർഡ് ജേതാവും കെ.എഫ്.ആർ. ഐ റിസർച്ച് ഫെല്ലോയുമായ സന്ദീപ് ദാസ്, വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫർ ഐശ്വര്യ പൊയിൽകാവ് എന്നിവർ ക്ലാസ്സെടുത്തു.എൻ.എസ്.എസ് കോഓർഡിനേറ്റർ സി.സിദ്ദീഖ്, അധ്യാപകരായ സി.ജി.വിപിൻ, എസ്. ഉണ്ണികൃഷ്ണൻ, കെ.ജി.സുനീഷ്, എ.കബീർ, ഷാജി എന്നിവർ പ്രസംഗിച്ചു.

സയൻസ് ക്ലബ്ബ്  വിദ്യാർത്ഥികളായ യു.സ്നേഹ, സി. വിജിലേഷ്, പി.ആദിൽ, പി.ഗോപിക എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

## എടത്തനാട്ടുകര ജി. ഒ. എച്ച്. എസ്. എസിന് പ്രവൃത്തി പരിചയമേളയിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഓവറോൾ കിരീടം

പൊറ്റശ്ശേരിയിൽ വെച്ച് നടന്ന മണ്ണാർക്കാട് ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ പ്രവൃത്തി പരിചയ മേളയിൽ എടത്തനാട്ടുകര ഗവ. ഓറിയന്റൽ ഹയർ സെക്കന്ററിസ്കൂൾ ഹൈസ്കൂൾ വിഭാഗത്തിൽ തുടർച്ചയായി മൂന്നാം വർഷവും ഓവറോൾ കിരീടം നേടി.

സ്കൂളിൽ നടന്ന ചടങ്ങിൽ വെച്ച് പി. ടി. എ കമ്മറ്റി വിജയികളെ അനുമോദിച്ചു.

ഗ്രാമ പഞ്ചായത്ത് അംഗം വി. ഗിരിജ, ഗ്രാമ പഞ്ചായത്ത് അംഗവും പിടി.എ പ്രസിഡന്റുമായ ഒ. ഫിറോസ്, എസ്.എം.സി ചെയർമാൻ സി നാരായണൻ കുട്ടി, പ്രിൻസിപ്പൽ വി. ടി. വിനോദ്, സ്കൂൾ പ്രധാനാധ്യാപകൻ എൻ. അബ്ദുന്നാസർ, ഡെപ്യൂട്ടി ഹെഡ് മാസ്റ്റർ പി. അബ്ദുൾ നാസർ, സ്റ്റാഫ് സെക്രട്ടറി ടി.കെ.മുഹമ്മദ് ഹനീഫ,എ.സുനിത, ബൾക്കീസ് എന്നിവർ പ്രസംഗിച്ചു.






മണ്ണാർക്കാട് ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ പ്രവൃത്തി പരിചയ മേളയിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഓവറോൾ കിരീടം നേടിയ എടത്തനാട്ടുകര ഗവ. ഓറിയന്റൽ ഹയർ സെക്കന്ററി സ്കൂൾ ടീം

## എടത്തനാട്ടുകര ജി.ഒ.എച്ച്.എസിൽ നടന്ന ഹൈടെക്ക് വോട്ടെടുപ്പ് ശ്രദ്ധേയമായി

പരമ്പരാഗത വോട്ടിംഗ് സങ്കൽപ്പങ്ങളെ മാറ്റി മറിച്ച് എടത്തനാട്ടുകര ഗവ.ഓറിയന്റൽ ഹൈസ്കൂളിൽ നടന്ന ഹൈടെക്ക് പാർലമന്റ് തെരഞ്ഞെടുപ്പ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും നവ്യാനുഭവമായി.വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധം പകർന്നു നൽകി അവരെ ഉത്തമ പൗരൻമാരാക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച തെരഞ്ഞെടുപ്പ് പ്രക്രിയകൾ ഉബുണ്ടു സ്വതന്ത്രസോഫ്റ്റ് വെയറിന്റെ സഹായത്തോടെയാണ്ഹൈടെക്ക് ആയി നടത്തിയത്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റേയും സോഷ്യൽ ക്ലബ്ബിന്റേയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ ഇലക്ട്രോണിക്വോട്ടെടുപ്പിലൂടെ 1800 വിദ്യാർഥികൾ വോട്ടാവകാശം വിനിയോഗിച്ചു. തെരഞ്ഞെടുപ്പിനു മുന്നോടിയായി തെരഞ്ഞെടുപ്പ് വിജ്ഞാപനം, നാമ നിർദ്ദേശക പത്രിക സ്വീകരണം, സ്ഥാനാർത്ഥികളുടെ മീറ്റ് ഇൻ കാന്റിഡേറ്റ്സ് പ്രോഗ്രാം, പ്രചാരണം എന്നിവയും സംഘടിപ്പിച്ചു. പൂർണ്ണമായും വിദ്യാർത്ഥികൾ നേതൃത്വം നൽകി നടത്തിയ തെരഞ്ഞെടുപ്പ് പ്രക്രിയകൾ പ്രധാനാധ്യാപകൻ എൻ. അബ്ദുന്നാസർ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടിഹെഡ്മാസ്റ്റർ പി. അബ്ദുൾ നാസർ,സ്റ്റാഫ് സെക്രട്ടറി ടി.കെ. മുഹമ്മദ് ഹനീഫ, ലിറ്റിൽ കൈറ്റ്സ് അധ്യാപകരായ എ.സുനിത,എം ജിജേഷ്, സ്കൗട്ട് മാസ്റ്റർ കെ. ടി. സിദ്ദീഖ്,അധ്യാപരായ വി. മുഹമ്മദ്, എം.ആസ്യ, പി.അബ്ദുസ്സലാം എന്നിവർ സംബന്ധിച്ചു.വോട്ടെടുപ്പിന്റെ ഭാഗമായി പേരു വിളിച്ച് രജിസ്റ്ററിൽ ഒപ്പ് വെക്കൽ, വിരലിൽ മഷി തേക്കൽ, രഹസ്യമായി വോട്ട് ചെയ്യൽ, കമ്പ്യൂട്ടറിന്റെ സഹായത്തോടെ വിജയികളെ തെരഞ്ഞെടുക്കൽ എന്നിവ നടന്നു.വിദ്യാർത്ഥികളുടെ കഴിവുകളെ അടിസ്ഥാനമാക്കി നടത്തിയ വാശി യേറിയ തെരഞ്ഞെടുപ്പിൽ ദിയ സ്കൂൾ ലീഡറായി തെരഞ്ഞെടുത്തു.പ്രവർത്തനങ്ങൾക്ക്അധ്യാപകരായ പി.അബ്ദുൾ ലത്തീഫ്, സി.സക്കീർ ഹുസൈൻ, വി.പി.നൗഷിദ, സി.നഫീസ, വി.പി.അബൂബക്കർ, കൈറ്റ്സ് യൂണിറ്റ്ഭാരവാഹികളായ പി.വി.അശ്വതി, മുഹീബുദ്ദീൻ,ഹഫേഷ് റയാൻ,സിനാൻ, ആദിത്ത്, സി.വിജിലേഷ്, സി. യദു കൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.





## ചെന്നായും ആട്ടിൻ കുട്ടിയും

കൂട്ടം തെറ്റി അലയുകയായിരുന്ന ആട്ടിൻ കുട്ടിയെ കണ്ട ചെന്നായ അതിനെ കൊന്നു തിന്നുവാൻ തീരുമാനിച്ചു.എന്നാലതിനെ കൊല്ലാൻ ഒരു കാരണം കണ്ടെത്തിയിട്ട് മതി ശാപ്പിടാൻ എന്നു ചെന്നായ് ഉറപ്പിച്ചു.അവൻ ആട്ടിൻ കുട്ടിയെ സമീപിച്ച് ഇപ്രകാരം പറഞ്ഞു "എടാ കുഞ്ഞേ ! കഴിഞ്ഞവർഷം നീ എന്നെ അപമാനിച്ചില്ലേ?"ആട്ടിൻ കുട്ടിയാകട്ടെ വ്യസനപ്പെട്ടുകൊണ്ട് മൊഴിഞ്ഞു "ഞാൻ ജനിച്ചിട്ട് മാസങ്ങളേ ആയിട്ടുള്ളൂ. കഴിഞ്ഞ വർഷം ഞാൻ ഉണ്ടായിരുന്നില്ല" ചെന്നായ് ആരോപണം മാറ്റി "ഞാൻ ഇരപ്പിടിക്കുന്ന മേച്ചിൽ പുറങ്ങളിലാണ് നീ മേയുന്നത് "എന്നായി ചെന്നായ്"ഇല്ല അങ്ങുന്നേ. ഞാനിതേവരെ പുല്ല് കഴിക്കാറായിട്ടില്ല " ആട്ടിൻ കുട്ടി പറഞ്ഞുഞാൻ കുടിക്കുന്ന ഉറവയിൽ നിന്നാണ് നീ കുടിക്കുന്നത് എന്നായി ചെന്നായയുടെ അടുത്ത ആരോപണം"ഞാനിന്നേവരെ അമ്മയുടെ പാലല്ലാതെ ഒന്നും കുടിച്ചിട്ടില്ല . പാലു മാത്രമാണ് എനിക്കു ഭക്ഷണവുംപാനിയവും"ആട്ടിൻകുട്ടി ഉണർത്തിച്ചു.ഇതോടെആരോപണങ്ങൾമതിയാക്കിയ ചെന്നായ് ആട്ടിൻ കുട്ടിയെ കൊന്നു ശാപ്പിട്ടു കൊണ്ട് പറഞ്ഞു "എന്റെആരോപണങ്ങൾക്കൊല്ലാം നിനക്ക് മറുപടിയുണ്ടായിരിക്കാം. എന്നാലിന്നു അത്താഴപ്പട്ടിണി കിടക്കാൻ എനിക്കുദ്ദേശമില്ല"

*ഗുണപാഠം:* **ദ്രോഹികൾക്ക് ഉപദ്രവിക്കാൻ എപ്പോഴും ന്യായങ്ങളുണ്ടാവും**





അദിത്ത് .പി

# അവധിക്കാലം

അടിയില്ല യിടിയില്ല യല്ലലില്ലാ!
എത്ര മനോഹരം അവധിക്കാലം
പകലിന്റെ ചൂടും രാവിന്റെ വേവും
കളിയാരവങ്ങളിൽ തിമിർക്കും കാലം
മാമ്പഴത്തിൻ രുചി നാവിലൂറി
മോഹങ്ങൾ സഫലമായ് മാറും കാലം
അക്ഷരപ്പടവുകൾ കേറിയേറി
വായന മധുരം നുകരും കാലം
മനസ്സിൽ കവിതയും ചിത്രവർണ്ണങ്ങളും
പൂക്കളായ് വിടരുന്ന സ്വപ്നകാലം
കിളികൂജനങ്ങളിൽ നിറയുന്ന സംഗീതം
ചുണ്ടിൽ തുളുമ്പുന്ന ഗാനകാലം



അംന ഷിഫ 9F

## അമ്മ

എന്നും ഞാനൊറ്റയ്ക്കാണ്
എന്റെ മനസ്സാകെ കറുപ്പ് പടർന്നു.
ഓലമേഞ്ഞ വീട്ടിനുള്ളിൽ എന്നും -
തനിച്ച്,
ശ്വാസവും വിശ്വാസവും  കൂട്ടായി
എങ്കിലും,
ഒരു മിന്നുന്ന വെളിച്ചം
ഞാനറിയാതെ എന്നെ കാണുന്ന
ഒരു വെളിച്ചം
ഞാൻ കാണാത്ത
എന്നെ ഇരുട്ടിൽ
തലോടുന്നുണ്ടായിരുന്നു.



ജിസ്നയ  9 E



# എന്റെ കേരളം

വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതീ മനശ്ശാന്തിതരും
മമ ജന്മ നാടേ മനോഹരീ...

കളകളമൊഴുകി സ്നിശ
മടിത്തട്ടു കാണമാറഴകാർന്നൊ-
രുവിളക്കുമതിരിൽ മേഘ മേലാപ്പു
തൊട്ടുമുത്തുംഗ മേരുക്കളും

പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴപോലസംഖ്യം
ശീതളമാമലഞ്ഞൊറിയളകം
കോമളനദികളുമീറൻ തടങ്ങളും

മഞ്ഞ് പൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നാലായാലാഞ്ഞു   വീശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ

ഇളം കാറ്റിൽ പാറുമംഗത
തൻ ചേലപോലലംകൃതംചേലൊത്ത
നീലവർണ്ണമനോഹര തിര
ഞൊറിയു സാഗരം നീളെ..


മണ്ണിൻ മാദക ഗന്ധം നുകരും
മക്കൾക്കാശ്രയമരുളും
മമ നാടേ മനോഹരീ..മനസ്സിൽ
നിൻ മുക്തസൗന്ദര്യം..മുകരുന്ന ഞാൻ..



സിയ നുജൂം 9F

# കാത്തുനിൽപ്പ്

വചനമേ,നീയെന്റെ ജീവിതത്തിൽ
പുലർകാല നക്ഷത്രമായുദിച്ച
ഇരുളാണ്ട സത്തയിലുള്ളതെല്ലാം
വെളിവാക്കിയന്ന പ്രകാശദിക്ഷ.
സകലേന്ദ്രിയങ്ങളും സംഭരിച്ച
വിഘടിതധാരണാബിന്ദുജാലം
സ്ഥിരബോധതന്തുവിൽക്കോർത്തിണക്കി
വിരചിച്ച നീയെന്റെ ചീത്തശില്പം
ലവണലേശംതൊട്ട സാഗരത്തില്
ഗഗനാന്ത വിസ്തൃതിയോളമല്ലേ
ഒരു മണൽതരിതൊട്ട താരകോടി
ചിറകായി നീയെങ്കിലിന്നു തങ്ങാം
ഒരു മനസ്സെത്രയോ ദീപ്തിവർഷം
അതിമോഹമില്ലെനിക്കെത്ര വേഗം
അകലങ്ങളൊക്കെയും കീഴടക്കാൻ
അപരാധമൊന്നുമേ ചെയ്തിടാതെ
വെടിയേറ്റുവീണൊരു ബാലകന്റെ
അടയാത്ത കണ്ണിനൊരുത്തരം നീ
തരുമെങ്കിലെന്തു ഞാൻകാത്തുനിൽപ്പ്.



നിദ 9F

# കുഞ്ഞനും കുട്ടനും

കുഞ്ഞൻ കുറുക്കനും
കുട്ടൻ ചെറുക്കനും
കണ്ടേടത്തൊക്കെയും പോര്!

കുട്ടന്റെ പൂവാലൻ
കോഴിയെക്കട്ടത്
കുഞ്ഞനാണെന്നത് നേര്!

കോഴിയെക്കട്ടാലും
കോഴയിൽപ്പെട്ടാലും
കള്ളനെന്നല്ലയോ പേര്!

തിരുടൻ കുറുക്കന്
ഇരുളിലും വെളിവിലും
ഉരുളൻ കല്ല് കൊണ്ടേറ്!



നിദ മോൾ 9F

# ജ്ഞാനം

ബാല്യത്തിൽ
കാലിനടിയിലെ മണ്ണ്
എന്നെ ആവോളം സംരക്ഷിച്ചു.
വേര് എന്നെ ഭൂമിയിൽ ഉറച്ചു നിൽക്കാൻ
പഠിപ്പിച്ചു

വലുതായപ്പോൾ ഞാൻ -
അനിയനെയൊന്നുംതിരിഞ്ഞു
നോക്കിയതുമില്ല.
വേരുകൾ നഷ്ടപ്പെടുത്തി
ഞാൻ വളർന്നു.

ഈർമ വന്നെന്നെ തലോടിയപ്പോൾ
വേരും മണ്ണും കാത്തു.



ജിസ്നയ 9 E

## ഞാൻ

മട്ടപ്പ്
എന്നെ വരയ്ക്കാൻ ശ്രമിക്കുന്നു.
അതിരുകൾ എന്നെ
തനിച്ചാക്കുന്നു.

എങ്കിലും,
ഈ ഏകാന്തതയും
ഒരു സുഖം തന്നെ



ജിസ്നയ 9 E

# നാണയം

അന്തിനിലാവത്ത്
കണ്ടു ഞാൻ മാനത്ത്
വെട്ടം പരത്തുന്ന
പൊൻ നാണയം!

അകലെയാണെങ്കിലും,
കാണാൻ മനോഹരം
സ്വന്തമാക്കീടുവാൻ
പൂതി തോന്നും!

അന്തിപ്പൂമാനമേ,
ഞാനുണ്ട് താഴെ
ആ പൊന്നിൻ നാണയം
നീയെനിക്കേകുമോ?



ഷിഫ 9F

## മഴ നനഞ്ഞോരെൻ ബാല്യം

ജീവിതം മൊട്ടിട്ടുയർന്നാർത്തു
പെരുകും ഓരോ മഴക്കും പിന്നെ
എവിടെയോ പോയൊളിക്കും
കാശിത്തുമ്പകൾ അല്ലോ നമ്മൾ

മഴ വരും നേരമാർത്തുവിളിച്ചത്
നനഞ്ഞോരെൻ ബാല്യം
ഒക്കെ കണ്ടൊരു ചിരിയമർന്ന് നില്ക്കുമെൻ
തേന്മാവു മുത്തശ്ശി പഴങ്ങളാൽ എന്നെ
ഒരുപാട് സൽക്കരിച്ചിരുന്നു.



*

മുഹിബ്ബുദ്ദീൻ.വി 9 J

## ശലഭവും വണ്ടും

ചായപ്പെൻസിലെടുത്തു വേഗം
കളി വീടൊന്ന് വരച്ചു
വീടിന്നൊരു മുറ്റം
മുറ്റം നിറയെ പൂക്കൾ
പല നിറമോലും പൂവുകളിൽ
വന്നിരിക്കും ശലഭങ്ങൾ
മൂളിപ്പാട്ടും പാടിവരുന്നു.
വണ്ടുകളും ശലഭങ്ങളും.



നാഷില 9F

# ഞങ്ങളുടെ കലാവിരുതികൾ





* ജിസ്നയ


അമൃത







അനുശ്രീ

നന്ദന











# നന്ദി

## ലിറ്റിൽ കൈറ്റ്സ്



**ജി ഒ എച്ച് എസ് എടത്തനാട്ടുകര**